**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1560** **12-02-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ ചാരിറ്റബിൾ സൊസൈറ്റികൾക്കുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ചാരിറ്റബിൾ സൊസൈറ്റികൾ 1980-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അല്ലെങ്കിൽ 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നിരുന്നാലും ഈ രണ്ട് നിയമങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾ വാർഷിക റിട്ടേണുകളും ജനറൽ ബോഡി മീറ്റിംഗ് റിപ്പോർട്ടുകളും വൈകി സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകളിൽ വ്യത്യാസമുള്ളത് എകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | തിരുവിതാംകൂർ – കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ (1955 -ലെ 12 -ാം ആക്ട്), മലബാർ പ്രദേശത്ത് ബാധകമായ 1860 -ലെ സംഘ രജിസ്ട്രേഷൻ ആക്ട്, (1860 -ലെ 21-ാം കേന്ദ്ര ആക്ട്) എന്നീ നിയമങ്ങൾക്ക് പകരം ഒരു ഏകീകൃത സൊസൈറ്റി രജിസ്ട്രേഷൻ നിയമം കേരളത്തിൽ പൊതുവായി പ്രാബല്യത്തിൽ വരുത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ള കേരള സംഘ രജിസ്ട്രേഷൻ കരട് ബില്ല് - 2025 തയ്യാറാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ